**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1050

03.12.2014-ലെ മറുപടിയ്ക്ക്

## ആദിച്ച നെല്ലൂർ ഗ്രാമപഞ്ചായത്തിൽ ചിറ ടൂറിസവുമായി ബന്ധപ്പെട്ട വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ ചിറ ടൂറിസവുമായി ബന്ധപ്പെട്ട വികസനത്തിലേക്കായി എത്ര രൂപ അനുവദിച്ചുവെന്നും, എന്നാണ് അനുവദിച്ചതെന്നും അറിയിക്കുമോ; | (എ) 22.05.2014ലെ സർക്കാർ ഉത്തരവ് പ്രകാരം 44 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക ഉപയോഗിച്ച് ഏറ്റെടുത്ത നിർമ്മാണ ജോലികളുടെ വിശദാംശം അറിയിക്കുമോ; നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത പ്രവർത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) പ്രസ്തുത പദ്ധതി പ്രകാരം താഴെപ്പറയുന്ന ഘടകങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്<br>1. Parking area<br>2. Paved area<br>3. Padithurai<br>4. Rain Shelter<br>5. Entry / Ticket Counter<br>6. Seating<br>7. Soft landscaping.<br>പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഇറിഗേഷൻ വകുപ്പാണ്. പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സ്ഥലത്ത് ഭരണാനുമതി നൽകിയ പ്രവർത്തികളോടൊപ്പം കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ടെന്ന് ബോദ്ധ്യമുണ്ടോ; എങ്കിൽ ആയതിലേക്ക് ആവശ്യമായ നടപടികൾ കൂടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ? | (സി) | നിലവിലുള്ള പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾ ആവശ്യമുണ്ടെങ്കിൽ അവ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ